# കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

ഹജ്ജ് ഹൗസ്, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം - 673 647.
ഫോൺ: 0483 - 2710717 ഫാക്സ്: 0483 - 2717572

Ref. : H2-01/11 HAJ-2011

തിയ്യതി:10-03-11

## 2011 ഹജ്ജിന് അപേക്ഷിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

1. അപേക്ഷാ ഫോറം പൂർണ്ണമായും **(രണ്ട് കോപ്പി)** വ്യക്തമായി, ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ പാസ്പോർട്ടിൽ രേഖപ്പെടുത്തിയത്പോലെ അതാത് കോളത്തിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂർണ്ണമല്ലാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല. ഹജ്ജ് അപേക്ഷാ ഫോറം ലീഗൽ സൈസിൽ ഫോട്ടോ കോപ്പിയെടുത്തും **www.hajcommittee.com, www.keralahajcommittee.org** എന്നീ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്തും **(ലീഗൽ സൈസ്)** ഉപയോഗിക്കാവുന്നതാണ്.

   * അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി അപേക്ഷയോടൊപ്പമുള്ള നിർദ്ദേശങ്ങളും, 2011 ഹജ്ജ് ഗൈഡ് ലൈൻസും വായിച്ച് ബോധ്യപ്പെടേണ്ടതാണ്.

2. കുടുംബ ബന്ധമുള്ള പരമാവധി **അഞ്ചുപേർക്ക്** ഒരു കവറിൽ അപേക്ഷിക്കാവുന്നതാണ്. കവർ ലീഡർ പുരുഷനായിരിക്കണം. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിന്റെ ചുമതല കവർ ലീഡർക്കുള്ളതാണ്. സ്ത്രീകൾ ഒറ്റക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. സ്ത്രീകൾ ഒന്നിച്ച് യാത്ര അനുവദനീയമായ പുരുഷ ന്മാരോടൊപ്പമാണ്(മെഹ്റം) അപേക്ഷ സമർപ്പിക്കേണ്ടത്.

3. **താഴെ പറയുന്ന വ്യക്തികൾ ഹജ്ജ് 1432(H) 2011-ന് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.**

   i) **കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ (2006-II to 2010) ഹജ്ജ് ചെയ്തവർ.**

   **(വസ്തുതകൾ മറച്ച് വെച്ച് ഹജ്ജിന് അപേക്ഷിക്കുന്നവരുടെ അടച്ച തുക കണ്ടുകെട്ടുന്നതും നിയമനടപടി സ്വീകരിക്കുന്നതുമാണ്).**

   ii) ടി.ബി., എയിഡ്സ്, മറ്റു സാംക്രമിക രോഗങ്ങളുള്ളവർ അംഗവൈകല്യം, ബുദ്ധിമാന്ദ്യം തുടങ്ങിയ ശാരീരിക പ്രശ്നങ്ങളുള്ളവർ.

   iii) മെഹ്റം ഇല്ലാത്ത സ്ത്രീകൾ.

4. യാത്രാ സമയത്ത് പൂർണ്ണ ഗർഭിണികളായ സ്ത്രീകൾ ഹജ്ജ് യാത്രാ ഒഴിവാക്കേണ്ടതാണ്.

5. ഇൻഫന്റ്: 31-12-2011-ന് രണ്ട് വയസ്സ് പൂർത്തിയാകാത്ത കുട്ടികൾക്ക് അവരുടെ മാതാപിതാക്കളോടൊപ്പം അപേക്ഷിക്കാവുന്നതാണ്.

6. അപേക്ഷകൻ താമസിക്കുന്ന സംസ്ഥാനത്തെ ഹജ്ജ് കമ്മിറ്റിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരാൾ ഒന്നിലധികം സംസ്ഥാനത്ത് അപേക്ഷ സമർപ്പിക്കുകയോ, ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യരുത്. **ഒന്നിലധികം അപേക്ഷകൾ സമർപ്പിച്ചതായി തെളിഞ്ഞാൽ ആ അപേക്ഷകനുൾപ്പെടുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.**

7. അപേക്ഷയുടെ രണ്ട് കോപ്പിയിലും അപേക്ഷകന്റെ ഏറ്റവും പുതിയ 3.5cmx3.5cm വലിപ്പമുള്ള വെളുത്ത പ്രതലത്തോട് (**വൈറ്റ് ബാക്ക് ഗ്രൗണ്ടോട്**) കൂടിയ കളർ ഫോട്ടോ പതിക്കേണ്ടതാണ്.

8. ഹജ്ജ് 1432(H) 2011 മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ സത്യസന്ധമായിരിക്കണം. അപേക്ഷയിൽ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ അപേക്ഷകൻ ഒപ്പിടേണ്ടതുമാണ്.

9. **റിസർവ്ഡ് കാറ്റഗറി: 2008, 2009, 2010 വർഷങ്ങളിൽ ഹജ്ജിന് തുടർച്ചയായി അപേക്ഷിക്കുകയും തെരഞ്ഞെടുക്കപ്പെടാതിരിക്കുകയും ചെയ്തവർ 2011-ലെ ഹജ്ജിന് അപേക്ഷിക്കുകയാണെങ്കിൽ അവരെ റിസർവ്ഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നറുക്കെടുപ്പ് കൂടാതെ ഹജ്ജിന് അനുമതി നൽകുവാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ളവർ ജനറൽ കാറ്റഗറി (നറുക്കെടുപ്പ്) വിഭാഗത്തിലാണ് ഉൾപ്പെടുക.**

   i) ഒരു കവറിൽ അപേക്ഷിക്കുന്ന മുഴുവൻ ആളുകളും 2008, 2009, 2010 വർഷങ്ങളിൽ അപേക്ഷിച്ചവരും തെരഞ്ഞെടുക്കപ്പെടാത്തവരുമായിരിക്കണം.

   ii) ഓരോ അപേക്ഷകന്റെയും അപേക്ഷയുടെ നിശ്ചിത കോളത്തിൽ മുൻ വർഷങ്ങളിലെ കവർ നമ്പറുകൾ വ്യക്തമായി എഴുതിയിരിക്കണം.

   iii) കവർ നമ്പർ തെറ്റായി എഴുതുകയോ, മൂന്ന് വർഷവും (2008, 2009, 2010) അപേക്ഷിക്കാത്തവരെ കവറിൽ ഉൾപ്പെടുത്തുകയോ ചെയ്താൽ ഒരറിയിപ്പും കൂടാതെ തന്നെ അവരെ ജനറൽ കാറ്റഗറിയിലേക്ക് മാറ്റുന്നതാണ്.

   iv) മുൻ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെടുകയും എന്നാൽ ഏതെങ്കിലും കാരണത്താൽ യാത്ര റദ്ദാക്കുകയും ചെയ്തവർക്ക് റിസർവ്വേഷൻ ആനുകൂല്യം ലഭ്യമല്ല.

   v) സംസ്ഥാനത്തിന് അനുവദിച്ച ക്വാട്ടയേക്കാൾ കൂടുതൽ റിസർവ്വ്ഡ് കാറ്റഗറി വിഭാഗത്തിൽ അപേക്ഷേകൾ ലഭിക്കുകയാണെങ്കിൽ റിസർവ്വ്ഡ് കാറ്റഗറിയിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നതും, ജനറർ കാറ്റഗറി അപേക്ഷകരെ പരിഗണിക്കുന്നതുമല്ല.

-മറുപുറം

10. അക്കമ്മഡേഷൻ കാറ്റഗറി **ഗ്രീൻ, വൈറ്റ്, അസീസിയ** എന്നിവയിലേതെങ്കിലും അടയാളപ്പെടുത്തേണ്ടതാണ്. അക്കമ്മഡേഷൻ എക്സംപ്ഷൻ കേരളത്തിൽ നിന്നുള്ളവർക്ക് ലഭിക്കുകയില്ല. **ഒരു കോളവും അടയാളപ്പെടുത്തിയിട്ടില്ലെങ്കിൽ അവർ അസീസിയ കാറ്റഗറി തെരഞ്ഞെടുത്തതായി കണക്കാക്കുന്നതാണ്.**

11. മെഡിക്കൽ സർട്ടിഫിക്കറ്റും അറ്റസ്റ്റേഷൻ സർട്ടിഫിക്കറ്റും അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12. **പണമടക്കൽ:-** 1) **ഓരോ അപേക്ഷയോടൊപ്പവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖയിൽ 31634038682 എന്ന അക്കൗണ്ടിൽ ഒരാൾക്ക് 200രൂപ വീതം പ്രോസസിംഗ് ചാർജ്ജ് അപേക്ഷയോടൊപ്പം ലഭിക്കുന്ന പേ-ഇൻ-സ്ലിപ്പ് ഉപയോഗിച്ച് നിക്ഷേപിച്ചത് ഉള്ളടക്കം ചെയ്തിരിക്കണം. ഈ തുക തിരിച്ചുനൽകുന്നതല്ല. ഡിമാന്റ് ഡ്രാഫ്റ്റോ, പണമോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.** **ഒരു കവറിൽ** ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻപേരുടെയും തുക ഒന്നിച്ചടക്കേണ്ടതാണ്.

13. **1432(H) 2011 ഹജ്ജിനുള്ള അപേക്ഷകൾ ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ എക്സിക്യൂട്ടീവ് ഓഫീസ്സർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ്, ഹജ്ജ് ഹൗസ്, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം-673 647 എന്ന വിലാസത്തിൽ 30-04-2011-ന് വൈകു. 5മണിക്കുമുമ്പായി ലഭിക്കത്തക്കവിധം രജിസ്റ്റർ തപാലിലോ, സ്പീഡ് പോസ്റ്റിലോ, കൊറിയർ മുഖേനയോ അയക്കേണ്ടതാണ്. നേരിട്ടോ, അവസാന തിയതിക്കുശേഷമോ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**
അപേക്ഷയോടൊപ്പം, മുഖ്യ അപേക്ഷകന്റെ മേൽവിലാസമെഴുതിയ 5 രൂപ സ്റ്റാമ്പൊട്ടിച്ച രണ്ടു കവറുകൾ, എല്ലാ അപേക്ഷകരുടെയും പാസ്പോട്ടിന്റെ കോപ്പി/പാസ്പോർട്ട് ഓഫീസ് റസിപ്റ്റ്, അഡ്രസ്സ് പ്രൂഫ് (റേഷൻ കാർഡ്/ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/ഇലക്ട്രിസിറ്റിബിൽ/ലാന്റ് ലൈൻ ടെലിഫോൺബിൽ ഇവയിൽ ഏതെങ്കിലുമൊന്ന്), എന്നിവ ഉണ്ടായിരിക്കണം.
അപേക്ഷ അയക്കുന്ന കവറിന് പുറത്ത് "ഹജ്ജ് അപേക്ഷ- 2011"എന്നും, മൊത്തം അപേക്ഷകരുടെ എണ്ണവും എഴുതേണ്ടതാണ്.
* അപേക്ഷകന്റെ ക്യാൻസൽ ചെയ്ത ബാങ്ക് ചെക്കിന്റെ ഒരു ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് നന്നായിരിക്കും.

14. അപേക്ഷയുടെ ഫോട്ടോ കോപ്പിയെടുത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. സ്വീകാര്യമായ അപേക്ഷകൾക്ക് കവർ നമ്പർ അലോട്ട് ചെയ്ത് തപാൽ മാർഗം മുഖ്യ അപേക്ഷകന് അയച്ചുകൊടുക്കുന്നതാണ്. **07-05-2011**-നകം കവർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ അപേക്ഷയുടെ ഫോട്ടോ കോപ്പി സഹിതം ഹജ്ജ് കമ്മിറ്റി ഓഫീസ്സുമായി **14-05-2011**- മുമ്പായി ബന്ധപ്പെടേണ്ടതാണ്. **അതിന് ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

15. **ഹജ്ജ് കമ്മിറ്റിക്ക് ഏജൻസികളോ അനുബന്ധ സ്ഥാപനങ്ങളോ ഇല്ല. മറ്റു വ്യക്തികളോ സംഘടനകളോ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഹജ്ജ് കമ്മിറ്റിക്ക് യാതൊരുവിധ ഉത്തരവദിത്വവുണ്ടായിരിക്കില്ല. ആവശ്യത്തിലധികം തുക വ്യക്തികളേയോ ഏജൻസികളെയോ ഏല്പിച്ച് വഞ്ചിതരാകാതിരിക്കുക.**

16. ഹജ്ജിന്റെ പൂർണ്ണ ഉത്തരവാദിത്വം ഹജ്ജ് ആക്ട് പ്രകാരം കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കുള്ളതാണ്. ജിദ്ദയിലെത്തുന്ന ഇന്ത്യൻ ഹാജിമാരുടെ പ്രശ്നങ്ങൾ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് പരിശോധിക്കുന്നതും മാർഗ്ഗനിർദ്ദേശം നൽകുന്നതുമാണ്. ഹാജിമാർക്ക് ലഭിക്കുന്ന സൗകര്യങ്ങളുടെ മേൽനോട്ടം കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർവ്വഹിക്കുന്നതാണ്. ഹജ്ജുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

17. **തെരഞ്ഞെടുക്കപ്പെട്ടവർ: ഹജ്ജ് - 2011-ന് തെരഞ്ഞെടുക്കപ്പെടുന്നവർ താഴെ പറയുന്ന രേഖകൾ 2011 ജൂൺ 15ന് മുമ്പായി സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് നേരിട്ട് സർപ്പിക്കേണ്ടതാണ്:.**
i) ഇന്റർനാഷണൽ പാസ്സ്പോർട്ട്.
(ഒരു കവറിലുൾപ്പെട്ട എല്ലാ അപേക്ഷകരുടെയും പാസ്പോർട്ടുകൾ ഒന്നിച്ച് നിശ്ചിത സമയത്തിനകം തന്നെ സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും പാസ്പോർട്ട് ഭാഗികമായി സ്വീകരിക്കുന്നതല്ല.)
ii) വിദേശ വിനിമയ സംഖ്യ/വിമാനക്കൂലിയിനത്തിൽ അഡ്വാൻസായി **31,000**രൂപ എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ **ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച്** (അക്കൗണ്ട് നമ്പർ: **31136268352**) നിക്ഷപിച്ചതിന്റെ പേ-ഇൻ സ്ലിപ്പ്.
iii) അപേക്ഷകന്റെ ഏറ്റവും പുതിയ 3.5cmx3.5cm വലിപ്പമുള്ള വെളുത്ത പ്രതലത്തോട് (**വൈറ്റ് ബാക്ക് ഗ്രൗണ്ട്**) കൂടിയ ഒരു കളർ ഫോട്ടോ പാസ്പോർട്ടിന്റെ പുറംചട്ടയിൽ പതിക്കേണ്ടതാണ്.
**രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെ തെരഞ്ഞെടുപ്പ് റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ സീനിയോറിറ്റി പ്രകാരം പരിഗണിക്കുന്നതുമാണ്.**

. തെരെഞ്ഞെടുക്കപ്പെട്ട ശേഷം ഏതെങ്കിലും കാരണത്താൽ ക്യാൻസൽ ചെയ്യുകയാണെങ്കിൽ പ്രസ്തുത വിവരം എത്രയും പെട്ടെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റിയെ അപേക്ഷകൻ രേഖാമൂലം അറിയിക്കേണ്ടതാണ്.
* തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള മറ്റു നടപടിക്രമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**(ഒപ്പ്)**
**ജില്ലാ കളക്ടർ, മലപ്പുറം & എക്സിക്യൂട്ടീവ് ഓഫീസർ**
**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി**